(എ) പട്ടികജാതിക്കാർക്ക് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിന് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി വഴി നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രോഗ്രാമിന്റെ നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതിക്കാർക്ക് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്നൊരു പ്രത്യേക പദ്ധതി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്നില്ല. എന്നാൽ തൊഴിൽ ഉറപ്പു വരുത്തുന്ന വിവിധ പരിശീലന പരിപാടികൾ അംഗീകൃത ഏജൻസികളുമായി ചേർന്ന് നടത്തുന്നുണ്ട്.

(ബി - ഡി) ബാധകമല്ല.

പട്ടികജാതികോളനികളുടെ സമഗ്രവികസനം

284(4570) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ സമഗ്രവികസനത്തിനായി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെ; ആയതിനു ഓരോ കോളനിക്കും പ്രതിവർഷം ചെലവഴിക്കുന്ന തുക എത്ര ;

(ബി) റാന്നി നിയോജകമണ്ഡലത്തിൽ നാളിതുവരെ ഏതൊക്കെ കോളനികളിലാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത് ;

(സി) എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് ഓരോ കോളനിയിലും നടപ്പാക്കിയിട്ടുള്ളത് ; ഈ പദ്ധതികൾക്ക് ഓരോന്നിനും ചെലവഴിച്ചത് എത്ര തുക വീതമാണ്; ഏത് ഏജൻസിയാണ് ഓരോ കോളനിയിലെയും വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഏതെങ്കിലും പ്രവൃത്തികൾ പൂർത്തീകരിക്കാതെ അവശേഷിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെ; എന്തു കാരണത്താലാണ് പൂർത്തീകരിക്കാൻ കഴിയാതിരുന്നത്; ഇത് പൂർത്തീകരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്വയംപര്യാപ്ത ഗ്രാമം, ഗാന്ധി ഗ്രാമം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഓരോ കോളനിയിലും പരമാവധി ഒരു കോടി രൂപ വീതമാണ് അനുവദിക്കുന്നത്.

(ബി) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ 2012-13-ൽ ബിമ്മരം പട്ടികജാതി കോളനിയെയും 2013-14-ൽ കിസുമം പട്ടികജാതി കോളനിയെയും തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) ബിമ്മരം പട്ടികജാതി കോളനിയിൽ നടപ്പിലാക്കിയ പ്രവൃത്തികളും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	പ്രവൃത്തികൾ	ചെലവഴിച്ച തുക (രൂപയിൽ)
1	പ്ലാസ്റ്ററിംഗ് (32 വീടുകൾ)	1013600.00
2	റോഡ് കോൺക്രീറ്റിംഗ് (500 മീറ്റർ നീളം)	2307237.50
3	അങ്കണവാടി പുനരുദ്ധാരണം	339973.21
4	കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം	458378.29
5	കമ്മ്യൂണിറ്റി ഹാൾ സ്റ്റേജ് പുനരുദ്ധാരണം	189609.36
6	കമ്മ്യൂണിറ്റി ഹാൾ ടൈൽ പുനരുദ്ധാരണം	688886.05
7	കുടിവെള്ള പദ്ധതി (പുതിയ കിണർ)	250000.00
8	കുടിവെള്ള പദ്ധതി (OH സിന്റക്സ്) വാട്ടർ ടാങ്ക് 20,000 lts (4m height)	368674.75
9	കുടിവെള്ള പദ്ധതി (പൈപ്പ് കണക്ഷൻ)	780677.16
	ആകെ തുക	6397036.33

LIBRARY ARCHIVES Kerala Legislative Assembly

2013-14-ൽ കിസുമം പട്ടികജാതി കോളനിയിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. എഫ്.ഐ.ടി. യാണ് രണ്ട് കോളനികളുടേയും വികസന പ്രവർത്തനങ്ങൾ നടത്തുന്നത്.

(ഡി) ഉണ്ട്.

1. കടിവെള്ള പദ്ധതി OH സിന്റക്സ് ടാങ്ക്

2. കടിവെള്ള പദ്ധതി (4 metre height tank, well, plumbing)

ശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് FIT-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടികജാതിക്കാർക്കുള്ള ചികിത്സാ ധനസഹായം

285 (4571) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങൾക്കായി അനുവദിച്ചിട്ടുള്ള ചികിത്സാ ധനസഹായം യഥാസമയം വിതരണം ചെയ്യുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആലത്തൂർ മണ്ഡലത്തിലെ ഗുണഭോക്താക്കൾക്ക് അനുവദിച്ച ധനസഹായം 8 മാസത്തിലധികമായിട്ടും ലഭിക്കാത്തതായ പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ധനസഹായ വിതരണത്തിലുണ്ടായിട്ടുള്ള കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ &ബി) ഇല്ല.

(സി) 30-11-2014 വരെ അനുമതി ഉത്തരവ് ലഭിച്ച എല്ലാ അപേക്ഷകർക്കും തുക അനുവദിച്ചിട്ടുണ്ട്. അവസാനമായി അനുമതി ലഭിച്ച 47 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി 1,18,700 രൂപ ആലത്തൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. നിലവിൽ കുടിശ്ശികയില്ല.

LIBRARY ARCHIVES Kerala Legislative Assembly